# Official Spokesperson's response to a media query regarding the Joint Statement on Preventing Nuclear War and Avoiding Arms Races

January 07, 2022

## ആണവയുദ്ധം തടയുന്നതിനും ആയുധ മൽസരങ്ങൾ ഒഴിവാക്കുന്നതിനുമുള്ള സംയുക്ത പ്രസ്താവനയെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യത്തിന് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ജനുവരി 07, 2022

**ആണവയുദ്ധം തടയുന്നതിനും ആയുധ മൽസരങ്ങൾ ഒഴിവാക്കുന്നതിനുമുള്ള സംയുക്ത പ്രസ്താവനയെക്കുറിച്ചുള്ള മാധ്യമ ചോദ്യത്തിന് മറുപടിയായി, ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.**

"ആണവ ഭീഷണികളെ അഭിസംബോധന ചെയ്യേണ്ടതിന്റെ പ്രാധാന്യം ആവർത്തിച്ച് ഉറപ്പിക്കുകായും, കൂടാതെ എല്ലാവരുടെയും സുരക്ഷ കുറയാത്ത ആണവായുധങ്ങളില്ലാത്ത ഒരു ലോകം എന്ന ആത്യന്തിക ലക്ഷ്യത്തോടെ നിരായുധീകരണത്തിൽ പുരോഗതി കൈവരിക്കുന്നതിന് കൂടുതൽ അനുകൂലമായ ഒരു സുരക്ഷാ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ആഗ്രഹത്തിന് അടിവരയിടുന്നതുമായ സംയുക്ത പ്രസ്താവനയെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

ഉത്തരവാദപ്പെട്ട ഒരു ആണവായുധ രാഷ്ട്രമെന്ന നിലയിൽ, ആദ്യം ഉപയോഗിക്കുകയില്ല കൂടാതെ ആണവായുധ രാജ്യങ്ങളല്ലാത്ത രാജ്യങ്ങൾക്കെതിരെ ആണവായുധങ്ങൾ ഉപയോഗിക്കുകയില്ല എന്നി നയങ്ങളുടെ അടിസ്ഥാനത്തിൽ വിശ്വസനീയമായ ചെറിയ രീതിയിലുള്ള പ്രതിരോധ സിദ്ധാന്തം ഇന്ത്യക്കുണ്ട്. സാർവത്രികവും വിവേചനരഹിതവും സ്ഥിരീകരണവിധേയവുമായ ആണവ നിരായുധീകരണം എന്ന ലക്ഷ്യത്തിൽ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്.
'ആണവ അപകടം കുറയ്ക്കുക' എന്ന വിഷയത്തിൽ ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ വാർഷിക പ്രമേയം ആണവായുധങ്ങളുടെ മനഃപൂർവമോ ആകസ്മികമോ ആയ അപകടസാധ്യത കുറയ്ക്കുന്നതിനുള്ള നടപടികൾ ആവശ്യപ്പെടുന്നതാന്. 'ആണവായുധങ്ങളുടെ ഉപയോഗ നിരോധനത്തെക്കുറിച്ചുള്ള കൺവെൻഷൻ' സംബന്ധിച്ച ഞങ്ങളുടെ വാർഷിക പ്രമേയം, ഏത് സാഹചര്യത്തിലും ആണവായുധങ്ങളുടെ ഉപയോഗമോ ഭീഷണിയോ നിരോധിക്കുന്ന ഒരു അന്താരാഷ്ട്ര കൺവെൻഷനിൽ നിരായുധീകരണ കോൺഫറൻസിൽ ചർച്ചകൾ ആരംഭിക്കാൻ ആവശ്യപ്പെടുന്നതാണ്.രണ്ട് പ്രമേയങ്ങളും ഐക്യർഷ്ട്രസഭയിൽ ശ്രദ്ധേയമായ പിന്തുണയോടെയാണ് അംഗീകരിച്ചത്.

ആഗോള ആണവ നിരായുധീകരണത്തിനും വ്യാപന വിരുദ്ധ അജണ്ടയ്ക്കും ഇന്ത്യ കൂടുതൽ സംഭാവന നൽകുന്നത് തുടരുന്നതാണ്

**ന്യൂ ഡെൽഹി**
**ജനുവരി 07, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.